"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ - നൃത്തോത്സവം, നാടകോത്സവം എന്നിവ നടത്തുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2444/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/11/2019

---

പരാമർശം:- 1 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 19/09/2019 ലെ G9.31876,/19 നമ്പർ കത്ത്.

2 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 15/10/2019 ലെ G9.31876, G9.51093/19 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ 2019 ഒക്ടോബർ 3 മുതൽ 9 വരെ സി കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് നൃത്തോത്സവം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും നാടകോത്സവം, നൃത്തോത്സവം, കഥാപ്രസംഗം എന്നിവ നടത്തുന്നതിന് 251101001 എന്ന അക്കൗണ്ട് ഹെഡിൽ 25 ലക്ഷം രൂപ കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ 2019- 20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും, ആയതിനാൽ 2019 ഒക്ടോബർ 3 മുതൽ 9 വരെ നൃത്തോത്സവം നടത്തിയതിന് അഞ്ച് ലക്ഷം രൂപയും 2019 ഡിസംബർ ആദ്യവാരം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള നാടകോത്സവത്തിനായി മൂന്ന ലക്ഷം രൂപയും കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് കോർപ്പറേഷൻ കൗൺസിൽ തീരുമാനം ഉൾപ്പെടെ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയർ പരാമർശം 1, 2 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുൻസിപ്പൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ 2019 ഒക്ടോബർ 3 മുതൽ 9 വരെ നടന്ന നൃത്തോത്സവത്തിന് അഞ്ച് ലക്ഷം രൂപയും ഡിസംബർ ആദ്യവാരം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള നാടകോത്സവത്തിന് മൂന്ന ലക്ഷം രൂപയും കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ കെ ജെ
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ/സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**File No.LSGD-FM2/177/2019-LSGD**

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ